(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-10/1197/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ, തീയതി:07.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ-10/1197/2017

തീയതി:07.09.2017

## ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

### (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14.11.2016മുതൽ 18.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.8.2017മുതൽ 24.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.എം.ടി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടോജോ പോൾ | 1.4.2016 മുതൽ .31.3.2017വരെ |
| സെക്രട്ടറി | ശ്രീ.കെ.കെ.ശശി | 1.4.2016 മുതൽ10.4.2016 വരെ |
| | ശ്രീ.പി.കെ.ഓമനക്കുട്ടൻ, സെക്രട്ടറി, വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് (പൂർണ്ണ അധിക ചുമതല) | 11.4.2016 മുതൽ 3.8.2016വരെ |
| | ശ്രീ.പി.റ്റി.ദിപീഷ്, അസി.സെക്രട്ടറി, | 4.8.2016 മുതൽ 21.12.2016വരെ |

| | | |
|---|---|---|
| | (പൂർണ്ണ അധിക ചുമതല) | |
| | ശ്രീ.പി.ജി.പ്രദീപ് | 22.12.2016 മുതൽ 31.3.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ.പി.റ്റി.ദിപീഷ് | 1.4.2016 മുതൽ 31.3.2017വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ശ്രീകല എം.ചന്ദ്രൻ | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.കെ.ദീപ | 1.4.2016 മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീ.ബെന്നി തോമസ് | 1.4.2016 മുതൽ11.6.2016വരെ |
| | ശ്രീമതി.പി.ഐ.റഷീദ | 12.6.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ജാനറ്റ് എം.സേവ്യർ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ.ഇ.കെ.ഖയാസ് | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ടെലസ് കുര്യൻ | 1.4.2016 മുതൽ 31.3.2017വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.റ്റി.എം.സുബൈർ | 1.4.2016 മുതൽ 7.6.2016വരെ |
| | ശ്രീമതി.പി.ആർ സലോമി | 7.6.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ (കരിമണ്ണൂർ) | ശ്രീ.കെ.പി.ഷാജി | 1.4.2016 മുതൽ 6.3.2016വരെ |
| | ശ്രീമതി.സരിത ഇബ്രാഹിം | 7.3.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ.(നെയ്യശ്ശേരി) | ശ്രീമതി.ഷാജിത .കെ.പി. | 1.4.2016 മുതൽ 6.11.2016വരെ |
| | ശ്രീമതി.സരിത ഇബ്രാഹിം<br>(അധിക ചുമതല) | 7.11.2016 മുതൽ 5.3.2017വരെ |
| | ശ്രീമതി.സിജി ശങ്കർ | 6.3.2017 മുതൽ 31.3.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സി.എ. ജാസ്മിൻ | 1.4.2016 മുതൽ 31.3.2017വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | വസ്തു നികുതി പിരിവിൽ വൻ ഉദാസീനത- വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-2 |
| 15 | പൊളിച്ചുനീക്കിയ സാധനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല | 2-3 |
| 16 | വസ്തുനികുതി കണക്കുകളിലെ അപാകതകൾ | |
| | ഭാഗം -3 | |
| 17 | എസ്.സി.ഭവന നിർമ്മാണം -രേഖകൾ ലഭ്യമാക്കിയില്ല | 3-1 |
| 18 | എസ്.സി. വാട്ടർ ടാങ്ക് വാങ്ങൽ - വിതരണ വിവരം ലഭ്യമാക്കാത്തത് | 3-2 |
| 19 | വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നല്കൽ -കൈപ്പറ്റ്, വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-3 |
| 20 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 3-4 |
| 21 | വെള്ളക്കരം ഒടുക്കാത്തത് | 3-5 |
| 22 | തെരുവു നായ്ക്കളുടെ വന്ധ്യംകരണം - കൈപ്പറ്റ്, വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-6 |
| 23 | അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം- കാര്യക്ഷമമല്ല | 3-7 |
| 24 | എൻ.ആർ.ഇ.ജി.എ- അവലോകനം | 3-8 |
| | ഭാഗം-4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 28 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 4.3.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്. 2017-18ലെ ബജറ്റ് അംഗീകരിച്ചതിനൊപ്പം 30.3.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2016-17 ലെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്ചെലവ് തുകകളും വാർഷിക കണക്കു പ്രകാരമുള്ള വരവ്ചെലവ് തുകകളും ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 66681060 | 70034056 |
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 48695881 | 49964635 |
| വാർഷിക കണക്കു പ്രകാരം | 40673408 | 34787337 |

വാർഷിക കണക്കിലെയും ബജറ്റിലെയും തുകകൾ തമ്മിൽ വളരെയേറെ വ്യത്യാസം കാണുന്നു. യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് അവതരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 21.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7366195 |

| | |
|---|---|
| വരവ് | 40673408 |
| ആകെ | 48039603 |
| ചെലവ് | 34787337 |
| നീക്കിയിരിപ്പ് | 13252266 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 9434489 | 0 | 9434489 | 9434489 | 7955812 | 84.32 | 1478677 |
| വികസനഫണ്ട് (എസ്.സി.പി.) | 1811052 | 0 | 1811052 | 1811052 | 1541600 | 85.12 | 269452 |
| വികസനഫണ്ട് (ടി.എസ്.പി.) | 164724 | 0 | 164724 | 164724 | 73520 | 44.63 | 91204 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2671479 | 0 | 2671479 | 2671479 | 1717065 | 64.27 | 954414 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2554755 | 0 | 2554755 | 2554755 | 1699215 | 66.51 | 855540 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5290956 | 0 | 5290956 | 5290956 | 3937074 | 74.41 | 1353882 |
| ലോക ബാങ്ക് ധനസഹായം | 2857412 | 0 | 2857412 | 2857412 | 1258497 | 44.04 | 1598915 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 33382275 | 77 | 18834418 | 40 | 42 | 31.09 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 21 | 6589521 | 4186602 | 63.53 |
| അസി.സെക്രട്ടറി | 9 | 8 | 1609891 | 1306000 | 81.12 |
| അസി. എഞ്ചിനീയർ | 54 | 24 | 11019049 | 4148681 | 37.65 |
| കൃഷി ഓഫീസർ | 2 | 2 | 1870379 | 678679 | 36.29 |
| വെറ്ററിനറി സർജൻ | 2 | 2 | 669327 | 338227 | 50.53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 3713200 | 2706985 | 72.90 |
| ഹെഡ് മാസ്റ്റർ | 4 | 3 | 171424 | 87520 | 51.05 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 3 | 1407870 | 730600 | 51.89 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 178650 | 178650 | 100 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 6 | 6 | 5493240 | 4037750 | 73.50 |
| വി.ഇ.ഒ | 2 | 1 | 140000 | 75000 | 53.57 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 519724 | 519724 | 100 |

അസി.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി ഫയലുകൾ തൃപ്തികരമായ രീതിയിൽ സൂക്ഷിക്കുന്നുണ്ട്. അസി.സെക്രട്ടറിയുടെ ഫയലുകളിൽ ചെലവുകൾക്ക് ഉപോത്ബലകമായ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. അസി.എഞ്ചിനീയർ അംഗീകാരം ലഭിച്ച *54* പദ്ധതിയിൽ *24* എണ്ണമേ ഓഡിറ്റുവർഷം നടപ്പിലാക്കിയിട്ടുള്ളൂ. കൃഷി ഓഫീസർ അംഗീകാരം ലഭിച്ച *2* പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ചെലവു ശതമാനം വളരെ കുറവാണ്. ലോകബാങ്ക് ധനസഹായം ലഭിച്ച തുകയിൽ ചെറിയ അളവു മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ടി.എസ്.പി.വിഭാഗത്തിൽ ലഭിക്കുന്ന തുകകൾ പരമാവധി ചെലവഴിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 67.36ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3009536 | 5515296 | 2505760 | 83.26 |
| നികുതിയേതര വരവുകൾ | 359955 | 359612 | (-)343 | (-)0.09 |
| മറ്റുവരവുകൾ | 246647 | 200132 | (-)46515 | (-)18.86 |
| ആകെ | 3616138 | 6075040 | 2458902 | 67.99 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 156000 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 3480670 | 395 |
| വിധവാപെൻഷൻ | 4427480 | 422 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 11899920 | 1173 |
| വികലാംഗപെൻഷൻ | 1840725 | 168 |
| 50വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 283560 | 27 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.8.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 15178/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറുന്നില്ല. വായ്പ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.7.2017, 21.7.2017 | 6/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.9.2006 മുതൽ 30.9.2006 വരെ | 1997-98 മുതൽ 2005-06 വരെ | 22.112006 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
2. വസ്തു നികുതി, നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി, സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3 കെ യു ആർ ഡി എഫ് സി വായ്പ 2016-17 വാർഷിക കണക്കുകൾ പ്രകാരം ഓപ്പണിംഗ് ബാലൻസ്

2948568/- രൂപയും 31.3.17 ലെ ബാലൻസ് 2579,994/-രൂപയും ആണ്. ഫയൽ പരിശോധിച്ചതിൽ കെ യു ആർ ഡി എഫ് സി വായ്പ 2579994/-രൂപയും 31.3.17 ലെ ബാലൻസ് 2088562/-രൂപയും ആണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല - നഷ്ടം 210,758/- രൂപ

പഞ്ചായത്ത് പരിധിയിൽ വരുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ 2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ടവറിന്റെ പേര് | വിസ്തീർണ്ണം (ച.മീ.) | അസെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | VI/282 | ഐഡിയ മൊബൈൽ ടവർ,കൊച്ചി | 50.15 | 28963 |
| 2 | VI/271 | ടാറ്റാ ടെലി സർവ്വീസ്, എസ്.എം.പ്ലാസ, പാലാരിവട്ടം | 64 | 36960 |
| 3 | II/238A | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ | 50.41 | 23820 |
| 4 | IV/240 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ | 53.29 | 25181 |
| 5 | III/218B | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, മദർ സ്ക്വയർ, ഓപ്പോസിറ്റ് നോർത്ത് റെയിൽവേ സ്റ്റേഷൻ, എറണാകുളം | 38.44 | 22200 |
| 6 | XIII/273A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | - | 35361 |
| 7 | VI/272 | റിലയൻസ്, കടവന്ത്ര , കൊച്ചിൻ | - | 38273 |
| ആകെ | | | | 210,758/- |

വസ്തുനികുതി ഈടാക്കാത്തതു മൂലമുണ്ടായ നഷ്ടം 210,758/- രൂപ ഉത്തരവാദികളായവരിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 2-2 വസ്തു നികുതി പിരിവിൽ ഉദാസീനത-വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് 7183144/-രൂപയാണ്. വസ്തു നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം വൻതുക തനതുവരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പൊളിച്ചുനീക്കിയ സാധനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനിയർ.

പ്രോജക്ട് നമ്പർ-40/16-17 എഴുമുട്ടം അംഗൻവാടി മെയ്ന്റനൻസ്

എം.ബുക്ക് നമ്പർ-48/15-16

ബിൽ നമ്പർ-2/16-17/2-01-2017

കരാറുകാരൻ-ശ്രീ.എം.എം സുലൈമാൻ.

എഴുമുട്ടം അംഗൻവാടി മെയ്ന്റനൻസ്, എന്ന പ്രവൃത്തി നടപ്പിലാക്കിയപ്പോൾ ലഭിച്ച എം.പി ടൈൽസ്, ഹിപ്പ് ടൈൽസ്, മുതലായ പഴയ സാധനങ്ങൾ ലേലംചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. എഴുമുട്ടം അംഗൻവാടിയിൽ സൂക്ഷിച്ചിട്ടുള്ള ടി സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ലേലംചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-4 വസ്തുനികുതി കണക്കുകളിലെ അപാകതകൾ

1) 2016-17 വർഷം സഞ്ചയ സാംഖ്യ എന്നിവയിലെ വസ്തുനികുതി ഡിമാന്റിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് | സാംഖ്യ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് | വ്യത്യാസം |
|---|---|---|
| 9635991 | 7679752 | 1956239 |

2) 2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക കണക്ക്, 2016-17 വർഷത്തെ സഞ്ചയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി പിരിവ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| വസ്തു നികുതി പിരിവ് | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി പിരിവ് | സാംഖ്യ പ്രകാരമുള്ള വസ്തുനികുതി പിരിവ് | വ്യത്യാസം |
|---|---|---|---|
| Residential building Current<br>Non Residential building Current | 2042520 | 2049229 | 6709 |
| Residential and non residential building Arrear | 2178207 | 2085647 | 92560 |

3) 2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക കണക്കിലെ വസ്തു നികുതി കുടിശ്ശിക, 2016-17 വർഷത്തെ സഞ്ചയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി കുടിശ്ശിക എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | സഞ്ചയ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക | വ്യത്യാസം |
|---|---|---|---|
| Residential building Current<br>Non Residential building Current | 3622708 | 3682882 | 60174 |
| Residential building Arrear<br>Non Residential Building Arrear | 1772082 | 3500262 | 1728180 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി ഭവന നിർമ്മാണം- നിരാകരണം₹570,000/-

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | S 00 90/17 |
| പേര് | എസ്.സി.ഭവന നിർമ്മാണം |
| അടങ്കൽ | ₹6,00,000 |
| തുക/ബിൽ നം. | ₹30,000/- 02/2016-17തീ 18.10.2015<br>₹ 2,10,000/-06/2016-17തീ 24.03.2017<br>₹270,000/- 07/2016-17തീ 31.03.2017<br>₹90,000/- 12/2016-17തീ 31.03.2017 |

മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പിൻവലിച്ച മേൽ ബില്ലുകളിൽ 02/2016-17/ തീ.18.10.2015 ₹30,000/- യുടെ വിനിയോഗ വിവരം മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയിട്ടുള്ളത്. ₹570,000/-യുടെ വിനിയോഗ വിവരം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. മേൽ ആനുകൂല്യം ആർക്കാണ് നല്കിയതെന്നുപോലും വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. രേഖകൾ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 10ന് മറുപടി നല്കിയിട്ടില്ല. ആയതിനാൽ തുക ചെലവഴിച്ചിട്ടില്ല എന്ന നിഗമനത്തിൽ ₹570,000/- നിരാകരിക്കുന്നു.

## 3-2 എസ്.റ്റി.വാട്ടർ ടാങ്ക് വാങ്ങൽ നിരാകരണം ₹12,000/-

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്റ്റ് നം. | S 0093 /17 |
| പേര് | എസ്.റ്റി.വാട്ടർ ടാങ്ക് വാങ്ങൽ |
| അടങ്കൽ | ₹45,000 |
| തുക/ബിൽ നം. | ₹12,000/- 11/2016-17തീ 30.03.2017 |

മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പിൻവലിച്ച മേൽ ബില്ലിന്റെ വിനിയോഗ വിവരം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. മേൽ ആനുകൂല്യം ആർക്കാണ് നല്കിയതെന്നുപോലും വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. രേഖകൾ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 14ന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ തുക ചെലവഴിച്ചിട്ടില്ല എന്ന നിഗമനത്തിൽ ₹12,000/- നിരാകരിക്കുന്നു.

## 3-3 വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ -കൈപ്പറ്റ് രസീത്,വിനിയോഗവിവരം ലഭ്യമല്ല ചെലവ് തടസ്സം₹7,48,910/-

വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ ഇനത്തിൽ 2016-2017കാലയളവിൽ ₹7,48,910/-ചുവടെ കൊടുക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയതിന്റെ അഭാവത്തിൽ ചെലവ് തുക ₹7,48,910/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1)എസ്.എസ്.എ. വിഹിതം നൽകൽ

| പ്രോജക്റ്റ്നം | ചെലവിനം | ചെലവഴിച്ച തുക | ബിൽനമ്പർ/ തിയതി | ഡി.ഡി.നമ്പർ/ തിയതി | തുക ആർക്ക് നൽകി എന്ന് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 35/17 | എസ്.എസ്.എ. വിഹിതം നൽകൽ | 5,00,000 | 11/16-17/ 30-11-16 | 969066/7-12-16 | പ്രോജക്റ്റ് ആഫീസർ എസ്എസ്എ, ഇടുക്കി | ശ്രീ.പി.റ്റി.ദിപിഷ്, സെക്രട്ടറി |
| 2)ഐ.എ.വൈ വിഹിതം നൽകൽ | | | | | | |
| 31/17 | ഐ.എ.വൈ വിഹിതം നൽകൽ | 1,80,000 | 13/16-17/ 26-12-16 | ലഭ്യമല്ല | ബി.ഡി.ഒ, ഇളംദേശം | ശ്രീ.പി.റ്റി.ദിപിഷ്, സെക്രട്ടറി |
| 3)ഐ.കെ.എം വിഹിതം നൽകൽ | | | | | | |
| 5/17 | ഐ.കെ.എം | 68,910 | 12/16-17/ | 969065/7-12-16 | ഡയറക്ടർ, | ശ്രീ.പി.റ്റി.ദിപിഷ്, |

| | | | | | | |
|---|---|---|---|---|---|---|
| | വിഹിതം നൽകൽ | | 30-11-16 | | ഐ.കെ.എം, തിരുനന്തപുരം | സെക്രട്ടറി |
| | ആകെ | ₹748910 | | | | |

## 3-4 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല.

| പദ്ധതി | ബിൽ നം. | ചെലവായ തുക | ലഭ്യമാകാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| മരുന്നു വാങ്ങൽ(88/17) | 01/2016-17/ 22.12.16 | 100,000/- | 11,403/- |
| വൃദ്ധർക്ക് മരുന്നു വാങ്ങൽ(78/17) | 02/2016-17/22.12.16 | 78650/- | 7913/- |
| | | ആകെ | 19316/- |

ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 19316/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വെള്ളക്കരം ഒടുക്കാത്തത് സംബന്ധിച്ച്

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2014-15 മുതൽ പ്രതിമാസം വെള്ളക്കരം 18813/- രൂപയായിരിക്കെ 2015 ഡിസംബർ മാസം മുതൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ടാപ്പുകളുടെ വാട്ടർ ചാർജ്ജും കൂടി ഉൾപ്പെടുത്തി പ്രതിമാസം 55125/-രൂപ ഡിമാന്റ് ചെയ്തുകൊണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ ലഭിക്കുന്നു. ആയതിനാൽ 2016-17ൽ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഒടുക്കിയിട്ടില്ല. ജപ്പാൻ കുടിവെള്ള പദ്ധതിക്കായി ടാപ്പുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് എഗ്രിമെന്റ് വയ്ക്കുകയോ മറ്റ് ചർച്ചകൾ ഒന്നും നടത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി അടിയന്തിരമായി ബന്ധപ്പെടേണ്ടതും വാട്ടർചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 തെരുവുനായ്ക്കളുടെ വന്ധ്യംകരണം - കൈപ്പറ്റ് രസീത്,വിനിയോഗ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണം-സെക്രട്ടറി

ബിൽനമ്പർ-22/16-17/28-2-17 ₹1,00,000/-

ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവുനായ്ക്കളുടെ വന്ധ്യംകരണം എന്ന പദ്ധതിയുടെ പഞ്ചായത്തു വിഹിതമായി ₹1,00,000/- മേൽ ബില്ല് പ്രകാരം പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ചെറുതോണി

യൂണിയൻ ബാങ്കിലെ അക്കൗണ്ടിലേക്ക് 25-2-2017 ൽ ട്രഷറി വഴി ഓൺലൈൻ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ വിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹1,00,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 അസിസ്റ്റന്റ് എൻജിനിയറുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

അസി.എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 54 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ കേവലം 24 എണ്ണം മാത്രമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്. വിവിധ തലത്തിലും പദവികളിലുമുള്ള ഉദ്യോഗസ്ഥരുടെ വിലയേറിയ സമയവും, അധ്വാനവും വിനിയോഗിച്ച് ആവിഷ്കരിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകൾ ഇപ്രകാരം നടപ്പാക്കാതെ ഉപേക്ഷിക്കുന്ന പ്രവണത ഒട്ടും തന്നെ അംഗീകരിക്കാവുന്ന വിഷയമല്ല. നടപ്പാക്കാൻ കഴിയുന്നതും പ്രായോഗികതയുള്ളതുമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്/മോണിട്ടറിംഗ് സമിതികളുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ ഇനം | ഏറ്റെടുത്തപ്രവൃത്തികളുടെ എണ്ണം | നടപ്പിലാക്കിയത് |
|---|---|---|
| റോഡ് | 17 | 9 |
| ടാറിംഗ് | 7 | 0 |
| കോൺക്രീറ്റിംഗ് | 11 | 7 |
| മറ്റുള്ളവ | 19 | 8 |

| ആകെ ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | നടപ്പാക്കാത്തത് | ആകെ അടങ്കൽ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 54 | 24 | 30 | 11019049 | 4148681 | 37.65 |

## 3-8 മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പപദ്ധതി അവലോകനം

പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് വർഷത്തെ നിർവ്വഹണം സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2801പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്.
- ഇവരിൽ 1964 കുടുംബങ്ങൾ തൻവർഷംവരെ പദ്ധതിയുമായി സഹകരിച്ചു.
- 25498 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഉള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.

- ഇവയിലൂടെ 19182തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.
- സാങ്കേതികാനുമതി ലഭിച്ച 132 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കി.
- തൻവർഷം നടപ്പാക്കിയ പ്രോജക്ടുകൾ-കല്ലുകയ്യാല നിർമ്മാണം, നീർക്കുഴി, നിലം ഒരുക്കൽ, കിണർ കുഴിക്കൽ, റോഡ് കോൺക്രീറ്റിംഗ്, ടെറസിംഗ്, കാനകീറൽ, പട്ടുതാക്കുളം, നീർച്ചാൽ ശുചീകരണം, തുടങ്ങിയവ.
- രേഖകളും കണക്കുകളും തൃപ്തികരമായി പരിപാലിക്കുകയും അവ അധികൃതർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തൻവർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | 1607 | |
| തൻവർഷ വരവ് | EFMS മുഖേന | 8046450 |
| | അലോട്ട്മെന്റ് | 1423465 |
| | പലിശ | 9804 |
| | ആകെ ₹9481326 | |
| ചെലവ് | 9470018 | |
| നീക്കിയിരിപ്പ് | 11308 | |

ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| വേതനം | 7424407 |
| സാധനസാമഗ്രികൾ | 621940 |
| എസ്റ്റാബ്ലിഷ്മെന്റ് | 1423671 |
| ആകെ | 9470018 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, ഇടുക്കി. | 2016-17 | 60000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഇളംദേശം | 2016-17 | 100000 | -ടി- | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പുനരധിവാസത്തിന് സ്ഥലം വാങ്ങൽ | സ.ഉ(സാധാ)നം 2033/13/ തസ്വഭവ /20.8.2014 | 3440000 | 2579994 | 491432 | 210689 | 2088562 |

- 2015-16 ലെ റിപ്പോർട്ടു പ്രകാരം തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക ₹2948568/- ആയിരുന്നു. 2015-16 സാമ്പത്തിക വർഷം വാർഷിക കണക്കുകൾ തയ്യാറാക്കിയപ്പോൾ തിരിച്ചടച്ച തുകയായ ₹491432/-ൽ ₹368574/- ജേണൽ ഇട്ട് ലയബിലിറ്റിയിൽ നിന്നും കുറയ്ക്കാത്തതിനാലാണ് വാർഷിക കണക്കിൽ തുക കൂടുതലായി തിരിച്ചടയ്ക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നതെന്നും 2016-17 ൽ ടി അപാകത പരിഹരിച്ചതായും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 297613 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 55134 |
| ആകെ | 352747 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 352747 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി.രസീത് നമ്പർ 427635/31.3.2017കേരള ഗ്രാമീൺ ബാങ്ക് കരിമണ്ണൂർ ശാഖ | 352747 |
| ആകെ | 352747 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 431/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-1 | 431 | ശ്രീ.പി.കെ.ഓമനക്കുട്ടൻ, സെക്രട്ടറി | 11602105057/29.3.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-27 | 1998 | 9-(II) | പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന്റെ അധിക വില (പണിക്കൻകോട റോഡ്) | ലഭ്യമാക്കിയില്ല. |

| | | | | | |
|---|---|---|---|---|---|
| 2000-01 | 30 | 2002-03 | | വോട്ടർ പട്ടിക രണ്ടാമതും അച്ചടിപ്പിച്ചത്- ചെലവ് നിരാകരിച്ചത് | |
| 2003-04 | 3-6 | 2006-07 | 3.36.1 | തെരുവ് വിളക്ക് സ്ഥാപിക്കൽ, ലക്ഷ്യം നേടാത്തത് | |
| 2003-04 | 3-11(2) | 2006-07 | 3.35.2(32) | ഓഡിറ്റ് സമയത്ത് വൌച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | |
| അവലോകന റിപ്പോർട്ട് | | 2014-15 | അനുബന്ധം-4 | കർഷക തൊഴിലാഴി പെൻഷൻ | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40673408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34787337 |
| വരവിനങ്ങളിലുള്ള നഷ്ടം | 210758 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 582000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 868226 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 210758 | | ശ്രീ.പി.ജി.പ്രദീപ്,സെക്രട്ടറി |
| 3-1 | | 570000 | ശ്രീ.പി.റ്റി.ദിപീഷ്, അസി.സെക്രട്ടറി |
| 3-2 | | 12000 | ശ്രീ.പി.റ്റി.ദിപീഷ്, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 748910 | ശ്രീ.പി.റ്റി.ദിപീഷ്, അസി.സെക്രട്ടറി |
| 3-4 | 19316 | ഡോ.ടെലസ് കുര്യൻ, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-6 | 100000 | ശ്രീ.പി.ജി.പ്രദീപ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ജി.പ്രദീപ്,സെക്രട്ടറി | - | പന്തപ്പിള്ളി ഹൗസ്<br>മൂക്കന്നൂർ പി.ഒ<br>എറണാകുളം |
| ശ്രീ.പി.റ്റി.ദിപീഷ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>പ്രമാടം ഗ്രാമ പഞ്ചായത്ത് | പുത്തൻവീട്,<br>സീതത്തോട്,പി.ഒ,<br>മുന്നുകല്ല്,പത്തനംതിട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-1995 | എൽ.എഫ്.ഐ.-6/151/96/4.11.1996 | |
| 1995-1996 | എൽ.എഫ്.ഐ.-7/108/98/30.03.1998 | |
| 1996-1997 | എൽ.എഫ്.ഐ.-6/116/98/31.03.1998 | |
| 1997-1998 | എൽ.എഫ്.ഐ.-7/414/99/30.09.1999 | |
| 1998-1999 | എൽ.എഫ്.ഐ.-7/164/2000/24.07.2000 | |
| 1999-2000 | എൽ.എഫ്.ഐ.-7/403/2001/07.11.2001 | |

| | | |
|---|---|---|
| 2000-2001 | എൽ.എഫ്.ഐ.-7/303/2002/19.07.2002 | |
| 2001-2002 | എൽ.എഫ്.ഐ.-7/592/03/15.03.2004 | |
| 2002-2003 | എൽ.എഫ്.ഐ.-7/415/05/05.11.05/02.12.05 | |
| 2003-2004 | എൽ.എഫ്.ഐ.-8/109/06/30.06.06/13.10.06 | |
| 2004-2005 | എൽ.എഫ്.ഐ.-8/648/07/14.09.08/06.10.09 | |
| 2005-2006 | എൽ.എഫ്.ഐ.-8/540/08/17.12.08/08.01.09 | |
| 2006-2007 | എൽ.എഫ്.ഐ.-8/880/2009/23.03.2010 | |
| 2007-2008 | എൽ.എഫ്.ഐ.-8/879/09/12.05.10/04.03.11 | |
| 2008-2009 | എൽ.എഫ്.ഐ.-10/932/10.17.11/08.12.11 | |
| 2009-2010 | എൽ.എഫ്.ഐ.-10/397/12/31.05.12/19.06.12 | |
| 2010-11 & 2011-12 | എൽ.എഫ്.ഐ-10/1013/12 തീ. 04.01.2013 | |
| 2012-13 2013-14 | എൽ.എഫ്.ഐ.10/1098/2014/തീ.10.11.2014 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/1025/16 തീ 29.07.2016 | |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/1571/16 തീ 28.11.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 10/1197/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:07.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSA IDK-10/1197/2017

Kerala State Audit Department
District Audit Office, Idukki
Thodupuzha,Date:07.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KARIMANNOOR Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of KARIMANNOOR Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of Income & Expenditure.

DEPUTY DIRECTOR
IDUKKI